പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3185 14/07/2015-ൽ മറുപടിക്ക്

# വൈദ്യുതി ഉല്പാദനത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ

ചോദ്യം

ശ്രീ. എ.കെ. ബാലൻ
,, രാജു എബ്രഹാം
,, ബി.ഡി. ദേവസ്സി
,, കെ.കെ. ജയചന്ദ്രൻ

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബജറ്റുകളിലും വൈദ്യുതി ഉല്പാദനത്തിനായി പ്രഖ്യാപിച്ച പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയുടെ അധിക ഉല്പാദനമാണ് ലക്ഷ്യമിട്ടിരുന്നത്;

(സി) പ്രസ്തുത ഉല്പാദനലക്ഷ്യം കൈവരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

മറുപടി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും

ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബഡ്ജറ്റുകളിലും (2011-12 മുതൽ 2015-16 വരെ) വൈദ്യുത ഉൽപാദനത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്.

കെ..എസ്.ഇ.ബി.എൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതികളിൽ 39.41 മെഗാവാട്ടിന്റെ ശേഷി വർദ്ധിപ്പിക്കുവാൻ ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ സാധിച്ചു. (അനുബന്ധം-2). കൂടാതെ ഈ വർഷവും അടുത്ത വർഷവുമായി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന 187.6 മെഗാവാട്ടിന്റെ 12 പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിക്കുകയാണ് (അനുബന്ധം -3). കാറ്റിൽ നിന്നുള്ള പദ്ധതികളിൽ സ്വകാര്യ സംരംഭകരായ INOX-ലൂടെ കഞ്ചിക്കോട് നടപ്പിലാക്കുന്ന 22 മെഗാവാട്ടിന്റെ പദ്ധതിയ്ക്ക് അനെർട്ട് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ അഗളിയിൽ 82 മെഗാവാട്ടിന്റെ പദ്ധതി സ്ഥാപിക്കുന്നതിനായി നാഷണൽ

ഹൈഡ്രോ പവർ കോർപ്പറേഷനു (NHPC) മായി സംസ്ഥാന സർക്കാർ 06.01.2014-ൽ ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. പദ്ധതിയ്ക്കുള്ള പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് എൻ.എച്ച്. പി.സി. തയ്യാറാക്കി വരുന്നു. രാമക്കൽ മേട്ടിൽ NTPC – യുമായി ചേർന്ന് സ്ഥാപിക്കാനുദ്ദേശിച്ച 200 മെഗാ വാട്ടിന്റെ പദ്ധതിയിൽ നിന്നും NTPC പിൻമാറി. എന്നാൽ സ്വകാര്യ സംരംഭകർ ഈ പ്രദേശത്ത് നിരവധി നിക്ഷപ നിർദേശ ങ്ങൾ വച്ചിട്ടുള്ളത് പരിശോധനയിലാണ്.

സർക്കാർ പ്രഖ്യാപിച്ച വിവിധ സൗരോർജ്ജ പദ്ധതികളിൽ 1 മെഗാവാട്ടിന്റെ പദ്ധതി കഞ്ചിക്കോട്ട് പുരോഗമിക്കുന്നു. ഈ പദ്ധതി ആഗസ്റ്റ് മാസം പൂർത്തീകരിക്കാൻ ലക്ഷ്യ മിട്ടിരിക്കുന്നു. കൂടാതെ കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് കേന്ദ്ര സർക്കാർ സ്ഥാപനമായ SECI മുഖേന സ്ഥാപിക്കുന്നതിനുള്ള നട പടികൾ സ്വീകരിച്ചു വരുന്നു.

ചീമേനി (1200 മെഗാവാട്ട്), NTPC (കായംകുളം 1050 മെഗാവാട്ട്) പുതു വൈപ്പിനിലെ പെട്രോനെറ്റ് (1200 മെഗാവാട്ട്), ബ്രഹ്മപുരം (400 മെഗാ വാട്ട്) എന്നിവയാണ് പ്രഖ്യാപിക്കപ്പെട്ടിരുന്ന പ്രകൃതി വാതകാധിഷ്ഠിത വൈദ്യുത പദ്ധതി കൾ• ഇറക്കുമതി ചെയ്യേണ്ടുന്ന അന്താരാഷ്ട്ര പ്രകൃതിവാതകത്തിന്റെ വില ക്രൂഡ് പെട്രോളിന്റെ വിലയും, ഡോളർ നിരക്കിലെ വ്യത്യാസവുമായും ബന്ധപ്പെട്ടിരിക്കുന്ന തിനാൽ വില വർദ്ധനവ് കൃത്യമായി പ്രവചിക്കാനാവില്ല. വിലയിൽ സ്ഥിരത പ്രതീക്ഷിക്കുന്ന ആഭ്യന്തര പ്രകൃതി വാതകം ഉത്പാദനത്തിലെ ഇടിവ് കാരണം ലഭ്യ മല്ലാത്ത സാഹചര്യമുണ്ട്. ഇക്കാരണ ങ്ങളാൽ പ്രകൃതി വാതകാധിഷ്ഠിത പദ്ധതി

കൾ രാജ്യമൊട്ടാകെ നിർമ്മാണ മാന്ദ്യ ത്തിലാണ്. കൂടാതെ NTPC കായംകുളം, ചീമേനി എന്നീ പദ്ധതികൾക്ക് വാതക പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതയും പൈപ്പ് ലൈനിന്റെ പൂർത്തീകരണവും ഉറപ്പാക്കുന്നതോട്ടു കൂടി മാത്രമേ വാതകാ ധിഷ്ഠിത പദ്ധതികൾക്ക് ഉണർവ് ഉണ്ടാകൂ.

പെറ്റ്കോക്ക് ഉപയോഗിച്ചുള്ള വൈദ്യുത പദ്ധതി (500 - 600 മെഗാവാട്ട്) നടപ്പിലാക്കാൻ FACT -യുടെ കൈവശമുള്ള 150 ഏക്കർ ഭൂമിയാണ് യോഗ്യമായി കണ്ടെത്തിയിട്ടുള്ളത്. സർക്കാർ FACT-ക്ക് നൽകിയ സ്ഥലം തിരികെ എടുക്കുന്നതിന് പ്രാരംഭമായി FACT-ന്റെ കൈവശ ഭൂമിയിന്മേൽ അവർക്ക് ഫ്രീ ഹോൾഡ് നൽകിക്കൊണ്ട് 07.05.2015-ൽ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്.

ഒറീസ്സയിലെ ബൈതരണി കോൾ ബ്ലോക്ക് അനുവദിച്ചത് 2012-ൽ കേന്ദ്ര സർക്കാർ ഡി അലോക്കേറ്റ് ചെയ്തതിനാൽ പ്രസ്തുത കൽക്കരി ഉപയോഗിച്ച് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്ന വൈദ്യുത പദ്ധതി നടപ്പാക്കാനായിട്ടില്ല. ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ കൽക്കരിപ്പാടം അനുവദിക്കൽ നയം അനുസരിച്ച് ബൈതരണി ഉൾപ്പെടെ ഒറീസ്സയിലെ മൂന്ന് കൽക്കരിപ്പാടങ്ങൾക്ക് അപേക്ഷ സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന കൽക്കരി ഉപയോഗിച്ച് ഒരു വൈദ്യുതി നിലയം സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**

U.S. Q. No. 3185

Budget speech announcements from 2011-12 to 2015-16

അനുബന്ധം - 1

| Budget year announcement | Para No. In Budget Speech | Name of the Scheme |
|---|---|---|
| 2011-12 | 289 | Government aims to achieve self sufficiency in energy sector. To achieve this, Government will promote power generation from wind and small hydro electric projects apart from the projects of K.S.E.B. |
| 2012-13 | 156 | Proposes to increase power generation with the implementation of thermal projects such as Cheemeni, Petronet at Puthuvypin and Kayamkulam. Propose to start 5 new hydro electric power projects with 53 MW capacity. |
| 2013-14 | 171 | To start preliminary work at Bhoothathankettu, Chathankottunada, Kallar, Arippara, Valamthodu, Maripuzha, Thoniyar and Thommankuthu Hydro electric Power Projects |
| | 173 | Proposes to increase power generation with the implementation of thermal projects such as Brahmapuram (1026MW), Petronet at Puthuvypin (1200MW), Cheemeni (1200MW), and Kayamkulam (1050MW), project using Petcoke at Kochi (550MW) |
| | 176 | On going 14 hydro electric Power Projects with 112.2MW capacity. |
| | 178 | Construction of wind farm with 200MW capacity, will be set up in the State and a 22MW wind farm will be set up at Kanjikode |
| 2014-15 | 91 | An amount of Rs. 215.26 crore is earmarked for the Hydro Electric Projects implemented by KSEB. A provision of Rs.10 crore is set apart for developing solar power projects to generate 60MW energy. An amount of Rs. 2 crore has been provided to gas based power projects. An amount of Rs. 5 crore each has been provided to enhance the capacity of Wind Power Projects to 100 MW and the Thermal Power Projects. |
| 2015-16 | 146 | Preliminary works to establish a coal based power plant at Cheemeni as a joint venture of KSEB & KSIDC. |
| | 147 | Preliminary works to establish a petcoke based power plant in the land to be transferred from FACT. |
| | 148 | Senkulam Augmentation scheme will be commissioned during February 2016. |
| | 149 | Chethan kotta small hydro electric project will be commissioned during October 2015. |
| | 150 | An amount of Rs.1 crore each is provided for the hydroelectric projects, Peruvannamoozhy, Upper Senkulam and Landram |
| | 151 | Rs.59 crore is provided this year for gas based power plants. |

Section Officer

അനുബന്ധം - 2

**Details of generation projects completed during the period from 2011 as on date**

| Sl.No | Name of Station | Installed Capacity (MW) | Annual Generation capacity (MU) |
|---|---|---|---|
| 1 | Ranni Perinad (KSEB) | 4 | 16.73 |
| 2 | Iruttukkanam stage II (IPP) | 1.5 | 3.94 |
| 3 | Peechi (KSEB) | 1.25 | 3.21 |
| 4 | Pambumkayam (Mankulam) Mini HEP (IPP) | 0.11 | 0.29 |
| 5 | Karikkayam SHP (IPP) | 10.5 | 27.6 |
| 6 | Sabarigiri - RMU #4 | 5 | |
| 7 | Meenvallom (IPP) | 3 | 8.37 |
| 8 | Vilangad (KSEB) | 7.5 | 22.63 |
| 9 | Poringalkuthu - RMU #1,2,3,4 | 4 | |
| 10 | Kallar micro HEP | 0.05 | 0.13 |
| 11 | Chimmony | 2.5 | 6.7 |
| | **Total** | **39.41** | **89.6** |

Section Officer

അനുബന്ധം - 3

## STATUS OF ONGOING GENERATION PROJECTS AS ON MAY, 2015

| Sl. No | Name of Scheme | Capacity (MW) | Energy (MU) | Project Cost (Rs. Lakh) | Outlay for 2015-16 (Rs. Lakh) | Start date | Target date of completion | Physical Progress (%) | Financial Progress (Rs.Lakh) | Remarks |
|---|---|---|---|---|---|---|---|---|---|---|
| 1 | Adyanpara | 3.5 | 9.01 | 2709 | 400 | 17-01-13 | Sep-15 | 92.00 | 1801.50 | Time extension granted up to 30.06.2015 |
| 2 | Barapole | 15 | 36 | 9838 | 1000 | 05-09-10 | Aug-15 | 93.18 | 8992.17 | Time extension up to 30.09.2015 recommended |
| 3 | Bhoothathankettu | 24 | 83.50 | 23121 | 500 | 15-02-14 | Feb-16 | 8.00 | 1502.87 | |
| 4 | Chathankottunada II | 6 | 14.76 | 4536 | 2000 | 06-03-10 | Jul-16 | 20.73 | 935.53 | Time extension granted up to 31.12.2016 |
| 5 | Chimmony | 2.5 | 6.7 | 1662 | 25 | 18-08-11 | May-15 | 100.00 | 1167.56 | Commissioned on 22.05.2015 |
| 6 | Kakkayam | 3 | 10.39 | 2607 | 1000 | 19-03-11 | Jan-16 | 52.00 | 762.79 | |
| 7 | Pallivasal Extension | 60 | 153.9 | 26801 | 2000 | 09-03-07 | Dec-17 | 75.00 | 20962.74 | |
| 8 | Perumthenaruvi | 6 | 25.77 | 4818 | 1500 | 02-03-12 | Jun-16 | 42.24 | 2244.22 | |
| 9 | Poringalkutthu | 24 | 45.02 | 13276 | 2000 | 10-10-13 | Mar-17 | 15.40 | 985.08 | |
| 10 | Sengulam Augmentation | -- | 85 | 4166 | 1500 | 09-07-09 | Dec-16 | 58.53 | 2485.85 | |
| 11 | Thottiar | 40 | 99 | 14400 | 2500 | 16-01-09 | Sep-16 | 31.79 | 5647.68 | Time extension granted up to 11.11.2015 |
| 12 | Vellathooval | 3.6 | 12.17 | 3356 | 800 | 24-09-12 | Aug-15 | 60.00 | 1761.90 | |

Section Officer.